ലൂക്കാ 2:21- 24

ജനുവരി 01: യൽദായ്ക്കുശേഷം 1-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ ചേർന്ന ബാല്യകാണ്ഡത്തിന്റെ രണ്ടാം ഖണ്ഡമാണ് നിർദ്ദിഷ്ഠപാഠഭാഗം. യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്, യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്, യോഹന്നാന്റെ ജനനം, യേശുവിന്റെ ജനനം എന്നീ വിധത്തിൽ ഒരു പാനൽ ക്രമീകരണമാണ് ബാല്യകാണ്ഡത്തിൽ ലൂക്കായുടെ അവതരണരീതി. യോഹന്നാനെക്കുറിച്ചുള്ള വിവരണങ്ങൾ അവസാനിപ്പിച്ച് യേശുവിന്റെ ജനനത്തെക്കുറിച്ച് വിവരിക്കുന്ന സുവിശേഷകൻ അതിന്റെ ഭാഗമായിത്തന്നെ ചേർത്തിരിക്കുന്നതാണ് ഈ സുവിശേഷഭാഗം.

II. പ്രമേയം

ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽ മക്കൾ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ തന്നെയാണ് മറിയത്തിന്റെ മകനായ യേശു എന്നതാണ് ലൂക്കായുടെ സുവിശേഷത്തിലെ ബാല്യകാണ്ഡത്തിന്റെ മുഖ്യപ്രമേയം. വചനിപ്പുകളിൽ ഇക്കാര്യം അറിയിക്കുന്നു. തുടർന്നു വരുന്ന സംഭവങ്ങളിലൂടെ അത് നിവൃത്തിയാകുന്നു. ഇസ്രായേലിന്റെ ഭാഗധേയത്തോട് അവിഭാജ്യമായി ചേർന്നിരിക്കുന്നതാണ് യേശുവിന്റെ ജനനം. പ്രവചനങ്ങളുടെയും പ്രതീക്ഷകളുടെയും പൂർത്തീകരണമായ അവൻ ദൈവജനത്തിൽ അംഗമാണ്. അവൻ ദാവീദിന്റെ പുത്രനും ഇസ്രായേൽ ഭവനത്തിന്റെ അധിപനുമായ രാജാവാണ് (1:33). തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ ദൈവജനത്തിനുവേണ്ടി ദൈവം ഉയർത്തിയ രക്ഷയുടെ കൊമ്പാണ് അവൻ. അത് ആദി മുതൽ തന്റെ പ്രവാചകൻമാരിലൂടെ ദൈവം അരുളിച്ചെയ്ത പ്രകാരമാണ് (1:69). അങ്ങനെ ദൈവം യേശുവിൽ തന്റെ ജനത്തെ സന്ദർശിച്ച് രക്ഷിക്കുകയാണ് (ലൂക്കാ 1:68). അതിനാൽ യേശു ദൈവജനത്തോട് പൂർണ്ണമായും താദാത്മ്യപ്പെടുകയും അവർക്ക് അനുരൂപനാകുകയും ചെയ്യണം. പരിഛേദനത്തിലൂടെ അവൻ അബ്രാഹ

ത്തിന്റെ സന്തതിയായി മാറുന്നു. യേശു എന്ന നാമം നൽകപ്പെടുന്നത് ദൈവ ജനത്തിനുവേണ്ടിയുള്ള അവന്റെ ദൗത്യത്തെ ദ്യോതിപ്പിക്കുന്നതിനാണ്. അതുകൊണ്ടാണ് ആ നാമം ദൈവം കൽപ്പിച്ച് ദുതൻ അരിയിച്ചതാണ് (1:31) എന്ന കാര്യം സുവിശേഷകൻ ഇപ്പോൾ എടുത്തു പറയുന്നത് (2:21).

III. സന്ദേശം

1. മുങ്ങിത്താണുകൊണ്ടിരിക്കുന്നവനെ വെള്ളത്തിലിറങ്ങാതെ രക്ഷിക്കാനാവില്ല. ഇസ്രായേലിന്റെ രക്ഷകൻ ഇസ്രായേലിന്റെ അംഗമായിരിക്കണം. മനുഷ്യകുലത്തിന്റെ രക്ഷകൻ മനുഷ്യനായിരിക്കുക തന്നെ വേണം. പാപത്തിൽ നിന്ന് മോചിപ്പിക്കാൻ വരുന്നവൻ പരീക്ഷയുടെ കാഠിന്യം പൂർണ്ണമായി അനുഭവിക്കണം (ഹെബ്രാ 4:15). അതാണ് യേശു ചെയ്തത്. ദൈവത്തിന്റെ ഈ രക്ഷാകര ശൈലി സ്വന്തമാക്കാത്ത വ്യക്തികളും പ്രസ്ഥാനങ്ങളും എത്രതന്നെ രക്ഷകരായി സ്വയം അവതരിച്ചാലും ജനത്തിന് അന്യരായിത്തന്നെ ശേഷിക്കും.

2. യേശു എന്ന നാമം ദൈവം നിശ്ചയിച്ചതും മാലാഖ അറിയിച്ചതുമാണ്. ആ നാമത്തിന്റെ അർത്ഥം 'കർത്താവ് രക്ഷിക്കുന്നു' എന്നാണ്. "എന്റെ നാമം കർത്താവ് എന്നാണ്; ഞാൻ മോചിപ്പിക്കാൻ ഇറങ്ങിവന്നിരിക്കുന്നു" എന്ന് മോശയോട് പറഞ്ഞത് യേശുവിന്റെ ജനനത്തിന്റെ- ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ മുൻരൂപമാണ്. ദൈവത്തിന്റെ ഓരോ പ്രവൃത്തിയുടെയും അർത്ഥം അപ്പപ്പോൾ മനസ്സിലാക്കാനാവില്ല. അത് ഒരു പ്രക്രിയയാണ്. അനേകം സംഭവങ്ങൾ കണ്ണികളായിച്ചേരുന്ന ഒരു പ്രക്രിയ. മോശമുതൽ മറിയം വരെ നീളുന്ന കണ്ണികളെ ഇവിടെ നമുക്കു കാണാം. ദൈവിക പദ്ധതിയിൽ ആരംഭം മുതൽ അവസാനംവരെ എല്ലാ സംഭവങ്ങൾക്കും പരസ്പരബന്ധമുണ്ട്; പ്രസക്തിയുണ്ട്, പ്രാധാന്യമുണ്ട്. എല്ലാം ഒരുമിച്ചുകണ്ട് ഗ്രഹിക്കാൻ കഴിവില്ലാത്തവരാണ് നമ്മൾ. എങ്കിലും മോശയെപ്പോലെയും മറിയത്തപ്പോലെയും ദൈവികപ്രവർത്തനങ്ങൾക്കു മുമ്പിൽ ശിരസ്സു നമിച്ചു നിൽക്കാൻ നാം ശ്രമിക്കണം.

3. പരിശുദ്ധൻ തന്നെയായ യേശു (1:35) ഏതെങ്കിലും ചടങ്ങോ കർമ്മമോ വഴി പരിശുദ്ധനായി പ്രഖ്യാപിക്കപ്പെടേണ്ട ആവശ്യമില്ല. പരിശുദ്ധനെ പ്രസവിച്ചവൾ വിശുദ്ധീകരണ കർമ്മം നിർവ്വഹിക്കേണ്ടതുമില്ല. ഇക്കാര്യമൊന്നും മറിയത്തിന് അറിയാത്തതല്ല; കാരണം അവളിൽ നിന്ന് ജനിക്കുന്നവൻ പരിശുദ്ധനാണെന്ന് മാലാഖ അവളോട് പറഞ്ഞതാണ്. എങ്കിലും സാധാരണ ഇസ്രായേൽക്കാരിൽ നിന്ന് വ്യത്യാസമോ അവർക്കുള്ള നിയമത്തിൽ നിന്ന് ഒഴിവോ ഇല്ലാത്തവിധം എല്ലാം പാലിക്കപ്പെടുന്നു. നമ്മുടെതന്നെ വലിപ്പത്തെക്കുറിച്ചുള്ള ചിന്തയിൽ നാമൊക്കെ എന്തെല്ലാം ഒഴിവുകൾ നേടാൻ ശ്രമിക്കുന്നു! സാധാരണക്കാരന് ബാധകമായ കാര്യങ്ങളൊന്നും നമുക്ക് ബാധകമാകരുതെന്ന് നാം ശഠിക്കുന്നു. ഒന്നിനും കീഴ്പ്പെടാത്ത അഹങ്കാരം നമ്മെ ഗ്രസി

ക്കുന്നു. ഇവിടെയൊക്കെ യേശുവിന്റെയും അവന്റെ മാതാപിതാക്കളുടെയും ശൈലി നമ്മെ വെല്ലുവിളിക്കുന്നുണ്ട്. മകൻ പിതാവിന്റെ ഭവനത്തിലേക്ക് നികുതിയടയ്ക്കേണ്ടതില്ലെങ്കിലും അതങ്ങു ചെയ്തേക്കാമെന്നാണല്ലോ യേശു കരുതിയത് (മത്താ 17:24–27).

ഡോ. അബ്രഹാം നെല്ലിക്കൽ

പ്രസംഗം

ദൈവം കൂട്ടിനുള്ളവർ

മധ്യാഹ്ന സൂര്യന്റെ ചൂടിൽ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിലൂടെ അവൾ നടക്കുമ്പോൾ മണലിന്റെ ചൂടിനേക്കാൾ ഹൃദയത്തിന്റെ ഉള്ളിലെ കനലായിരുന്നു അവളെ പൊള്ളിച്ചുകൊണ്ടിരുന്നത്. ഉള്ളിൽ കണ്ട സ്വപ്നങ്ങളൊക്കെയും തകർന്നുവീഴുന്നത് അവളെ വല്ലാതെ നോവിക്കുന്നുണ്ടായിരുന്നു. ഇവൾ ഹാഗാർ. യജമാനത്തിയുടെ അടുത്ത് നിന്നും ഓടിപ്പോകുന്ന അവളെ ദൈവം കണ്ടു. അവൾ ദൈവത്തിനു പേരു നൽകി - എൽറോയി- ‘എന്നെ കാണുന്ന ദൈവം.’ ദൈവം അവളുടെ കുഞ്ഞിന് പേരു നൽകി. ഇസ്മായേൽ. ഒരു കാര്യം അവളോട് ദൈവം ആവശ്യപ്പെട്ടു. “പോയി നിന്റെ യജമാനത്തിക്ക് വിധേയയാവുക.”

ഹാഗാറിന്റെ ഹൃദയത്തിന്റെ വേദന കാണുന്ന ദൈവം അവളോട് ആവശ്യപ്പെടുന്നത് യജമാനത്തിക്ക് കീഴ്പ്പെടുക എന്നു മാത്രമാണ്. ദൈവം ദർശനം കൊടുത്തയാൾ മനുഷ്യന് കീഴ്പ്പെടുകയെന്നർത്ഥം. സുവിശേഷത്തിൽ ദൈവദർശനം ലഭിച്ച മറിയം തന്നത്തന്നെ കീഴ്പ്പെടുത്തിയതിന്റെ അടയാളമാണ് സമർപ്പണം. “ഇതാ! കർത്താവിന്റെ ദാസി” എന്നു പറഞ്ഞവൾ എല്ലാ നിയമവും പൂർത്തീകരിക്കാൻ വേണ്ടി യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളുടനീളം കീഴ്പ്പെടലിന്റെ ആത്മീയത പ്രഘോഷിക്കുന്നുണ്ട്. ക്രിസ്തുവിൽ പൂർത്തികരിക്കപ്പെടുന്ന രക്ഷാകരകർമ്മത്തിലും സ്വയം ശൂന്യവത്ക്കരിക്കുന്ന ദൈവത്തെയാണ് നാം കണ്ടുമുട്ടുന്നത്. ഇതിനാമുഖമായി വി. പൗലോസ് ഇങ്ങനെ കുറിച്ചു വയ്ക്കുന്നു: “ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായും കരുതട്ടെ” (ഫിലി 2: 3).

മാനുഷികമായ അധികാരങ്ങളെ ബഹുമാനിക്കുന്നവരെയാണ് ദൈവികമനുഷ്യരായി കണാനാവുക. പഞ്ചക്ഷതധാരിയായ വി. പാദ്രേപിയോ തന്റെ മേലധികാരികളുടെ നിർദ്ദേശത്തെ പാലിക്കാൻ വേണ്ടി വി. കുർബ്ബാനയർപ്പണം ആശ്രമത്തിന്റെ അകത്തുള്ള ചാപ്പലിൽ ഒറ്റയ്ക്കു സമർപ്പിച്ചിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ദൈവത്തിന്റെ ദർശനം ലഭിച്ചവരുടെ മുഖമുദ്രയാണ് കീഴ്വഴക്കങ്ങളെ ബഹുമാനിക്കുകയെന്നത്.

ദൈവദർശനം ലഭിച്ച മറിയം തന്റെ പുത്രനെ ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ ദൈവികമായ അധികാരത്തേയും മാനുഷികമായ കടമകളെയും നിറവേറ്റുകയായിരുന്നു. ദൈവം നിർദ്ദേശിച്ച 'യേശു' എന്ന പേരു നൽകി ദൈവത്തെയും യഹൂദജനത്തിനു നൽകിയ എല്ലാ നിയമങ്ങളെയും പാലിച്ചുകൊണ്ട് നിയമത്തെയും ബഹുമാനിക്കുന്നു.

ദൈവത്തിനോട് ചേർന്നു നിൽക്കുമ്പോൾ ലഭിക്കുമെന്നു കരുതേണ്ടത് ഈ ലാളിത്യമാണ്. നിയമങ്ങളോടുള്ള വിധേയത്വം നികുതി നൽകുന്നത് ഉചിതമോയെന്ന ചോദ്യത്തിന് ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനുമെന്ന് ക്രിസ്തു പറയുന്നത് കൂട്ടി വായിക്കാം. മറിയത്തിനും ജോസഫിനും വിധേയനായിരുന്ന യേശുവിനെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ടാണ് ബാല്യത്തിന്റെ മഹത്വത്തെ സുവിശേഷം കുറിച്ചു വയ്ക്കുന്നത്. നിയമങ്ങൾക്ക് കീഴ്പ്പെടുന്നത് ക്രിസ്തീയ ജീവിതത്തിന്റെ മഹത്വമെന്നർത്ഥം.

ഏറ്റവും ദരിദ്രരുടെ കാണിക്കകൾ സമർപ്പിച്ച ജോസഫും മറിയവും ദൈവഹിതത്തിനു മുൻപിൽ തങ്ങളുടെ സമർപ്പണത്തിന്റെ പൂർണ്ണതയാണ് വിളിച്ചറിയിക്കുന്നത്. ദാരിദ്ര്യത്തിൽപ്പോലും പരാതിയില്ലാത്ത രണ്ടു മനുഷ്യർ. ദൈവം കൂട്ടിനുള്ളവർ എന്ന സംതൃപ്തി അവരെ ദാരിദ്ര്യത്തിൽപ്പോലും സന്തുഷ്ടരാക്കി മാറ്റി. അനുഗ്രഹങ്ങളുടെ പെരുമഴ ജീവിതത്തിലുള്ളപ്പോഴും കുറവുകളുടെ പൊട്ടക്കിണറുകളെക്കുറിച്ച് പരാതി പറയുന്ന മനുഷ്യന് മറിയവും ജോസഫും വ്യത്യസ്തമായ ധ്യാനമായിത്തീരുന്നു. സമൃദ്ധിയുടെ കാണിക്കകളെയല്ല വിധവയുടെ ചെമ്പുനാണയങ്ങളെ അവൻ വിലമതിച്ചതെന്ന് കൂട്ടി വായിക്കണം.

ഫാ. മേരി ജോൺ